"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ 01.04.2023 മുതൽ 31.05.2023 വരെ കുടിവെള്ള വിതരണത്തിന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിൽ അധികമായി ചിലവായ 6,39,750/- രൂപ, ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി സി) വകുപ്പ്**

സ.ഉ.(സാധാ) നം.556/2025/LSGD തീയതി,തിരുവനന്തപുരം, 25-02-2025

---

പരാമർശം:-

1. 06/03/2023-ലെ സ.ഉ(സാധാ)564/2023/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്.
2. 27/07/2024 തീയതിയിലെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ PD/68960/2023-DPLC2 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ 01.04.2023 മുതൽ 10.05.2023 വരെ കുടിവെള്ള വിതരണം നടത്തിയതിന് 11,77,000/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ടെന്നും വരൾച്ച നിലനിന്നിരുന്ന സാഹചര്യത്തിലും വേനൽ മഴ തീർത്തും ലഭിക്കാതിരുന്നതിനാലും ഗ്രാമപഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും കുടിവെള്ളം വിതരണം നടത്തേണ്ട സാഹചര്യമുണ്ടായതിനാൽ 11.05.2023 മുതൽ 31.05.2023 വരെ കുടിവെള്ള വിതരണം നടത്തിയതിന് 6,62,750/- രൂപ ചെലവ് വന്നിട്ടുണ്ടെന്നും ആയതിനാൽ പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം അനുവദനീയമായ തുകയിൽ അധികരിച്ച് ചെലവായ 6,39,750/- രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന വാണിയംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ 16/9/23- ലെ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം, വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് ,ജി.പി.എസ്. റിപ്പോർട്ട്, ചെലവ് വിവരം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് എന്നിവ സഹിതം പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടോടെ ലഭ്യമായിട്ടുണ്ടെന്നും പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും വാണിയംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ അനുബന്ധരേഖകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിൽ അധികമായി ചെലവായ 6,62,750/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നും അഭ്യർഥിച്ചുകൊണ്ട് മേൽ പരാമർശിച്ച അനുബന്ധരേഖകളും സഹിതം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശുപാർശ ലഭ്യമാക്കിയിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടിവെള്ളക്ഷാമം രൂക്ഷമായ

പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി തനത്/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിനു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ സാഹചര്യത്തിൽ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ 01/04/2023 മുതൽ 31/05/2023 വരെയുള്ള കാലയളവിൽ കുടിവെള്ള വിതരണത്തിന് സർക്കാർ ഉത്തരവിൽ നിർഷ്കർഷിച്ചതിൽ അധികമായി ചിലവായ 6,39,750/-(ആറുലക്ഷത്തി മുപ്പത്തിഒൻപതിനായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) രൂപ, ചിലവ് ആധികാരികത വാണിയംകുളം ഗ്രാമപഞ്ചായത് സെക്രട്ടറി ഉറപ്പാകേണ്ടതാണെന്ന നിബന്ധനയോടെയും പരാമർശിത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് വാണിയംകുളം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

പകർപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം
സെക്രട്ടറി വാണിയംകുളം ഗ്രാമ പഞ്ചായത്ത് , പാലക്കാട്.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ് കേരള,തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Preeja S S
Date: 05-03-2025 15:20:05
സെക്ഷൻ ഓഫീസർ